**446**

*രീതി: എൻപ്രാണനാഥൻ എൻ*

1 ലോകസുഖമോ വെള്ളിയോ പൊന്നോ ശാശ്വതമല്ലൊന്നും
ആകാശം, ഭൂമി മാറിപ്പോയാലും വചനമോ സുസ്ഥിരമാം

വചനമെന്റെ കാലിനു ദീപം വീഥിക്കത് പ്രകാശവും

2 നടപ്പുകളെ നിർമ്മലമാക്കുവാൻ ബാലകർക്ക് സാദ്ധ്യമാമോ
വചനംകൊ ് സൂക്ഷിക്കുകിൽ സാധിച്ചിടും നിശ്ചയമായ്-

3 പാപമെന്യേ ജീവിക്കുവാൻ വചനം ഹൃത്തിൽ സംഗ്രഹിക്ക
വചനമുള്ളിൽ വാസം ചെയ്താൽ യാചനകൾ സാധിച്ചിടും-

4 രോഗാതുരമാം നാളുകൾ ഭാരപ്പെടാൻ കാര്യമില്ല
വചനമയച്ച് സൗഖ്യം നൽകി മാനുവേലൻ വിടുവിച്ചിടും-

5 ഇരുപുറവും മൂർച്ചയുള്ള വാളാണല്ലോ തിരുവചനം
അസ്ഥി, സന്ധി മജ്ജകളെ തുളച്ചിടുവാൻ ശക്തമത്രേ-

6 തിരുവെഴുത്തു സമസ്തവും ദൈവശ്വാസീയമാണല്ലോ
ഉപദേശവും ശാസനയും വചനമെന്നും നൽകിടുന്നു- **J.P.A.**